ശിവാലം എന്ന ആദിവാസി സ്ത്രീയുടെ മരണം

1478. [2227] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-8-1986-ന് അട്ടപ്പാടിയിലെ അഗളിയിൽവച്ച് പാലൻ ഭാര്യ ശിവാലം എന്ന ആദിവാസി സ്ത്രീ കെ.ഇ.ആർ. 6343 നമ്പർ മോട്ടോർ സൈക്കിൾ ഇടിച്ചു മരണപ്പെട്ട വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മോട്ടോർ സൈക്കിൾ ഓടിച്ച പെരിയപ്പനെന്ന ഹമീദിന്റെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) മരണപ്പെട്ട ശിവാളിന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ട പരിഹാരം ഗവൺമെൻറ് നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ നൽകിയ സംഖ്യയെത്രയാണെന്നും ആരാണ് കൊടുത്തതെന്നും സംഖ്യ നൽകിയ തീയതി എന്നാണ് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) മോട്ടോർ സൈക്കിളിന്റെ പിൻസീറ്റിലിരുന്ന ആളാണ് പെരിയപ്പനെന്ന ഹമീദ്. അതിനാൽ അയാൾക്കെതിരെ കേസെടുത്തിട്ടില്ല മോട്ടോർ സൈക്കിൾ ഓടിച്ച കസീം എന്നയാളെ അറസ്റ്റ് ചെയ്തത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) മണ്ണാർക്കാട് തഹശീൽദാർ 3-9-1986-ൽ മരണപ്പെട്ട ശിവാളുടെ കുടുംബത്തിന് 500 രൂപ അനുവദിച്ചിട്ടുണ്ട്.

ഗോപാലൻ നായരുടെ മരണം

1479. [2228] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വള്ളിക്കോട്-കോട്ടയം കരിഞ്ചേറയിൽ ഗോപാലൻ നായരുടെ സംശയകരമായ സാഹചര്യത്തിലുള്ള മരണത്തെപ്പറ്റി അന്വേഷിക്കുവാൻ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് നിയോഗിച്ചതെന്നും അന്വേഷണം പൂർത്തീകരിച്ചോ എന്നും വ്യക്തമാക്കുമോ ;

(സി) ഈ കേസിന്റെ മേൽ നടപടികൾ കാര്യക്ഷമമായി നടക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-12-1985-ൽ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) അന്വേഷണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly